**തിരുവനന്തപുരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം.**
(അവതരണം: പി.എം.റജീന)

നം. ഇ3/6600/2017

തീയതി : 20.02.2018.

വിഷയം:-വ്യവസായം - ജീവനക്കാര്യം - വ്യവസായ വാണിജ്യ വകുപ്പിലെ 30.06.2017 വരെ കാലയളവിലുള്ള ഓഫീസ് അറ്റൻഡന്റുമാരുടെ സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ് അന്തിമമായി പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:-ഈ ഓഫീസിലെ ഇതേ നമ്പറിലുള്ള 11.08.2017 തീയതിയിലെ സർക്കുലർ.

11.08.2017 തീയതിയിൽ പ്രസിദ്ധീകരിച്ച, വ്യവസായ വാണിജ്യ വകുപ്പിൽ 30.06.2017 വരെ നിയമനം ലഭിച്ച ഓഫീസ് അറ്റൻഡന്റുമാരുടെ സംസ്ഥാനതല താല്ക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ മേൽ, എന്തെങ്കിലും പരാതികൾ/ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ അറിയിക്കുന്നതിന് സൂചന പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയതിൻ പ്രകാരം ചുവടെ ചേർക്കുന്ന ജീവനക്കാരുടെ ആക്ഷേപങ്ങൾ/പരാതികൾ ലഭിച്ചിട്ടുണ്ട്.

I താഴെപ്പറയുന്ന ജീവനക്കാർ അവരുടെ അധിക വിദ്യാഭ്യാസയോഗ്യതകൾ സീനിയോറിറ്റി ലിസ്റ്റിൽ ഉൾക്കൊള്ളിക്കണം എന്ന് അപേക്ഷിച്ചിരിക്കുന്നു.

| | | |
|---|---|---|
| a | ശ്രീമതി.ബിനു മോൾ.എൻ<br>ക്രമ നമ്പർ - 24 | അക്കൗണ്ട് ടെസ്റ്റ് (ലോവർ) ഉൾപ്പെടുത്തണം എന്ന് അപേക്ഷിച്ചിരിക്കുന്നു. |
| b | വിപിൻ.വി.എസ്<br>ക്രമ നമ്പർ - 189 | ഡിപ്ലോമ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ്, എൻ.എ.സി (എം.ആർ.എ.സി), സി.എൻ.സി - ലെയ്ത്ത് പ്രൊവിഷണൽ ഇൻസ്ട്രക്ടർ - എം.എം.റ്റി.എം ട്രേഡ്, ആട്ടോകാഡ്, പ്ലസ്ടു എന്നീ യോഗ്യതകൾ ഉൾപ്പെടുത്തണം എന്ന് അപേക്ഷിച്ചിരിക്കുന്നു. |
| c | അമ്പിളി.കെ.പി<br>ക്രമ നമ്പർ - 123 | ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് & മലയാളം (ലോവർ), കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ് ഇംഗ്ലീഷ് & മലയാളം (ലോവർ) എന്നീ യോഗ്യതകൾ ഉൾപ്പെടുത്തണം എന്ന് അപേക്ഷിച്ചിരിക്കുന്നു. |
| d | ദിവ്യ.വി.എസ്<br>ക്രമ നമ്പർ - 77 | എം.ഒ.പി യോഗ്യത ഉൾപ്പെടുത്തണം എന്ന് അപേക്ഷിച്ചിരിക്കുന്നു. |
| e | റ്റിജോ.വി.കുരുവിള | വിദ്യാഭ്യാസ യോഗ്യത ബി.എസ്.സി, എം, എസ്.സി |

| | | |
|---|---|---|
| | ക്രമ നമ്പർ - 215 | (സുവോളജി) ബി.എഡ്, ഡി.സി.എ എന്നിവ ഉൾപ്പെടുത്തണം എന്ന് അപേക്ഷിച്ചിരിക്കുന്നു. |
| f | ഹിമ. പി.ഡി<br>ക്രമ നമ്പർ - 185 | ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് & മലയാളം (ലോവർ), കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് ഇംഗ്ലീഷ് & മലയാളം (ലോവർ) എന്നീ യോഗ്യതകൾ ഉൾപ്പെടുത്തണം എന്ന് അപേക്ഷിച്ചിരിക്കുന്നു. |
| g | മോൻസി ജോസഫ്<br>ക്രമ നമ്പർ - 118 | വിദ്യാഭ്യാസ യോഗ്യത, എസ്.എസ്.എൽ.സി, പ്രിഡിഗ്രി, ബി.എ (എക്കണോമിക്സ്) എന്നിവ ഉൾപ്പെടുത്തണം എന്ന് അപേക്ഷിച്ചിരിക്കുന്നു. |
| h | അജിത കുമാരി.കെ<br>ക്രമ നമ്പർ - 47 | ടൈപ്പ്റൈറ്റിംഗ് (മലയാളം), കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് മലയാളം & ഇംഗ്ലീഷ് (ലോവർ) എന്നിവ ഉൾപ്പെടുത്തണം എന്ന് അപേക്ഷിച്ചിരിക്കുന്നു. |
| i | റ്റി.കെ.ബാബുരാജ്<br>ക്രമ നമ്പർ - 32 | കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് ഇംഗ്ലീഷ് (ലോവർ) യോഗ്യത ഉൾപ്പെടുത്തണം എന്ന് അപേക്ഷിച്ചിരിക്കുന്നു. |
| j | ദീപ.പി<br>ക്രമ നമ്പർ - 95 | ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് & മലയാളം (ലോവർ), കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് ഇംഗ്ലീഷ് & മലയാളം (ലോവർ) എന്നിവ ഉൾപ്പെടുത്തണം എന്ന് അപേക്ഷിച്ചിരിക്കുന്നു. |
| k | ശ്രീമതി.സിമി കുര്യൻ<br>ക്രമ നമ്പർ - 22 | ബി.കോം, എം.കോം യോഗ്യതകൾ ഉൾപ്പെടുത്തണം എന്ന് അപേക്ഷിച്ചിരിക്കുന്നു. |

മേൽ അപേക്ഷകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ജീവനക്കാരുടെ യോഗ്യതകൾ സീനിയോറിറ്റി ലിസ്റ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

| | | |
|---|---|---|
| II | ശ്രീ.ജയകൃഷണൻ. പി.ടി<br>ക്രമ നമ്പർ - 132 | 26.03.2017 തീയതി പ്രാബല്യത്തിൽ സീനിയോറിറ്റി നൽകണം എന്ന് ശ്രീ.ജയകൃഷ്ണൻ.പി.ടി അപേക്ഷിച്ചിരിക്കുന്നു. ശ്രീ.ജയകൃഷ്ണൻ. പി.റ്റി-യുടെ സേവനപുസ്തകം പരിശോധിച്ചതിൽ, ടിയാൻ പാലക്കാട് ജില്ലാ പി. എസ്.സി ഓഫീസറുടെ 29.01.2002 തീയതിയിലെ **PIII/R/2441/96**-ാം നമ്പർ നിയമന ശുപാർശയുടെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 10.04.2002 തീയതിയിലെ ഇഎ4/17661/01 (2) -ാം നമ്പർ നിയമന ഉത്തരവ് പ്രകാരം 24.04.2002 തീയതിയിൽ പാലക്കാട് താലൂക്ക് വ്യവസായ ഓഫീസിൽ പ്യൂൺ തസ്തികയിൽ |

| | | |
|---|---|---|
| | | ജോലിയിൽ പ്രവേശിച്ചു. തുടർന്ന് 20.05.2002 മുതൽ 26.03.2007 വരെ ശൂന്യവേതന അവധിയിൽ പ്രവേശിക്കുകയും 27.03.2007 തീയതിയിൽ ജോലിയിൽ തിരികെ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തീയതി മുതൽ ശ്രീ.ജയകൃഷ്ണൻ.പി.ടി-ക്ക് സീനിയോറിറ്റി നൽകി സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| III | ശ്രീമതി. ആൻ.എ<br>ക്രമ നമ്പർ - 97 | ശ്രീമതി.ആൻ.എ വ്യവസായ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച 08.10.2004 തീയതി മുതൽ സീനിയോരിറ്റി നൽകണം എന്ന് അപേക്ഷിച്ചിരിക്കുന്നു. ശ്രീമതി. ആൻ.എ യുടെ സേവനപുസ്തകം പരിശോധിച്ചതിൽ ശ്രീമതി. ആൻ.എ കോട്ടയം ജില്ലാ പി.എസ്.സി ഓഫീസറുടെ 27.07.2004 തീയതിയിലെ **KII** (2) 4155/01-ാം നമ്പർ നിയമന ശുപാർശയുടെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 25.09.2004 തീയതിയിലെ ഇഎ4/17414/02-ാം നമ്പർ നിയമന ഉത്തരവു പ്രകാരം ആസ്ഥാന ഒഴിവിൽ 08.10.2004 തീയതിയിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ പ്യൂൺ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. തുടർന്ന് ടിയാളുടെ അപേക്ഷ പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 21.05.2007 തീയതിയിലെ ഇഎ4/8345/06-ാം നമ്പർ ഉത്തരവു പ്രകാരം അന്തർജില്ലാ സ്ഥലം മാറ്റം മുഖേന കരുനാഗപ്പള്ളി താലൂക്ക് വ്യവസായ ഓഫീസിൽ 22.05.2007 തീയതിയിൽ ജോലിയിൽ പ്രവേശിച്ചു. നിലവിലെ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് ശ്രീമതി. ആൻ.എ അന്തർജില്ലാ സ്ഥലം മാറ്റം നേടി പുതിയ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതിയായ 22.05.2007 തീയതി മുതൽ മാത്രമേ സീനിയോറിറ്റിക്ക് അർഹതയുള്ളൂ. ആയതിനാൽ ടിയാളുടെ ആവശ്യം പരിഗണിക്കുവാൻ സാധ്യമല്ല. |
| IV | ശ്രീ.ബിജു.ബി.റ്റി<br>ക്രമ നമ്പർ - 227 | 18.12.2013 തീയതി മുതൽ സീനിയോറിറ്റി പുനഃസ്ഥാപിച്ചു നൽകണം എന്ന് അപേക്ഷിച്ചിരിക്കുന്നു. ശ്രീ.ബിജു.ബി.റ്റിയുടെ സേവനപുസ്തകം പരിശോധിച്ചതിൽ ടിയാൻ പാലക്കാട് ജില്ലാ പി.എസ്.സി ഓഫീസറുടെ 20.01.2004 തീയതിയിലെ **PII(1)2441/96/1**-ാം നമ്പർ നിയമന ശുപാർശയുടെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 06.07.2004 തീയതിയിലെ ഇഎ4/3275/02-ാം നമ്പർ നിയമന ഉത്തരവുപ്രകാരം 09.07.2004 തീയതിയിൽ പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രത്തിൽ പ്യൂൺ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. തുടർന്ന് 05.12.2013 തീയതിയിലെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ഇഎ4/20781/ 12-ാം നമ്പർ ഉത്തരവു പ്രകാരം ടിയാനെ ഭരണ |

| | | |
|---|---|---|
| | | സൗകര്യാർത്ഥം വ്യവസായ വാണിജ്യ ഡയറക്ടറേറ്റി ലേക്ക് സ്ഥലം മാറ്റി നിയമിക്കുകയും 18.12.2013 തീയതി യിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. 26.08.2016 തീയതിയിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ഇഎ4/3449/16-ാം നമ്പർ ഉത്തരവ് പ്രകാരം ടിയാനെ പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രത്തിലേക്ക് സ്ഥലം മാറ്റുകയും 05.09.2016 തീയതിയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. തുടർന്ന് 26.10.2016 തീയതി യിലെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ഇ.എ4/3449/16 നമ്പർ ഉത്തരവ് പ്രകാരം ടിയാനെ അന്തർജില്ലാ സ്ഥലംമാറ്റം മുഖേന പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രത്തി ലേക്ക് സ്ഥലം മാറ്റം അനുവദിക്കുകയും 04.11.2016 തീയ തിയിൽ ടിയാൻ തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രത്തിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടു ണ്ട്. പ്രസ്തുത ഉത്തരവിൽ തിരുവനന്തപുരം ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ ടിയാനെ ഈ വകുപ്പിലെ ഏറ്റവും ജൂനിയറായ ഓഫീസ് അറ്റൻഡന്റായി പരിഗണിക്കുന്നതും ടിയാന്റെ പ്രസ്തുത തസ്തികയിലെ സീനിയോറിറ്റി പുന:ക്രമീകരിക്കുന്നതും ആയിരിക്കും എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതി നാൽ ശ്രീ.ബിജു.ബി.റ്റിയ്ക്ക് 04.11.2016 തീയതി മുതൽ മാത്രമേ സീനിയോറിറ്റിക്ക് അർഹതയുള്ളു. മേൽ സാഹ ചര്യത്തിൽ ടിയാന്റെ അപേക്ഷ പരിഗണിക്കുവാൻ സാധ്യമല്ല. |
| V | ശ്രീമതി.ഇന്ദു.റ്റി | ശ്രീമതി.ഇന്ദു.റ്റി സീനിയോറിറ്റി പുന:ക്രമീകരിക്കണം എന്ന് അപേക്ഷിച്ചിരിക്കുന്നു. ശ്രീമതി.ഇന്ദു.റ്റി യുടെ സേവനപുസ്തകം പരിശോധിച്ചതിൽ ടിയാൾ 11.04.2007 തീയതിയിലെ തിരുവനന്തപുരം ജില്ലാ പി.എസ്.സി ഓഫീസറുടെ DTD (3) 6654-ാം നമ്പർ നിയമന ശുപാർശ യുടെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ ഡയറ ക്ടറേറ്റ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 04.05.2007 തീയതിയിലെ ഇഎ4/16883/06(1) -ാം നമ്പർ നിയമന ഉത്തരവു പ്രകാരം 17.05.2007 തീയതിയിൽ വ്യവ സായ വാണിജ്യ ഡയറക്ടറേറ്റിൽ പ്യൂൺ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. തുടർന്ന് ടിയാളുടെ അപേക്ഷ പ്രകാരം 06.02.2010 തീയതിയിലെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ റുടെ ഇഎ4/4289/2010-ാം നമ്പർ ഉത്തരവു പ്രകാരം അന്തർജില്ലാ സ്ഥലം മാറ്റം മുഖേന 01.03.2011 തീയതി യിൽ കൊല്ലം ജില്ലാ വ്യവസായ കേന്ദ്രത്തിൽ ജോലി യിൽ പ്രവേശിച്ചു. നിലവിലെ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് ശ്രീമതി.ഇന്ദു.റ്റി-യ്ക്ക് 01.03.2011 തീയതി |

| | | |
|---|---|---|
| | | മുതൽ മാത്രമേ സീനിയോറിറ്റിക്ക് അർഹതയുള്ളൂ. |
| IV | ശ്രീ.വിനേഷ് തങ്കപ്പൻ | ശ്രീ.വിനേഷ് തങ്കപ്പൻ, ഫുൾടൈം വാച്ച്മാന്റെ പേര് സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. അനുബന്ധരേഖകൾ പരിശോധിച്ചതിൽ ടിയാളെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| VII | ശ്രീ.ബാബു ആലംതെറ്റിൽ<br>ക്രമ നമ്പർ 22 | സീനിയോറിറ്റി ലിസ്റ്റിൽ തന്റെ പേരിനു നേരെ ജോലിയിൽ പ്രവേശിച്ച തീയതി 11.07.2000 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നും, ആയത് 12.07.1999 എന്ന് തിരുത്തി നൽകണം എന്നും അപേക്ഷിച്ചിരിക്കുന്നു. 12.07.1999 തീയതിയിൽ വയനാട് ജില്ലാ വ്യവസായ കേന്ദ്രത്തിൽ ഫുൾടൈം വാച്ച്മാനായി ജോലിയിൽ പ്രവേശിച്ച ശ്രീ.ബാബു ആലംതെറ്റിൽ അന്തർജില്ലാ സ്ഥലംമാറ്റം മുഖേന 11.07.2000 തീയതിയിൽ കണ്ണൂർ താലൂക്ക് വ്യവസായ ഓഫീസിൽ പ്യൂണായി ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. നിലവിലെ നിയമങ്ങളും ചട്ടങ്ങളും പ്രകാരം ടിയാന് 11.07.2000 തീയതി മുതൽ മാത്രമേ സീനിയോറിറ്റിക്ക് അർഹതയുള്ളൂ. |
| VIII | സിമി കുര്യൻ<br>ക്രമ നമ്പർ 222 | സീനിയോറിറ്റി ലിസ്റ്റിൽ ഡി.ആർ.ബി കോട്ടയം എന്നതിനുപകരം , ഇടുക്കി എന്ന് തിരുത്തി നൽകണം എന്ന് അപേക്ഷിച്ചിരിക്കുന്നു. ആയത് പരിഹരിച്ചിട്ടുണ്ട്. |
| IX | ശ്രീ.ഗോപകുമാർ. കെ.ജി<br>ക്രമ നമ്പർ 38 | അഡ്വൈസ് നമ്പരും, തീയതിയും, നിയമന ഉത്തരവ് നമ്പരും തെറ്റായിട്ടാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ആയത് ശരിയായ രീതിയിൽ ഉൾപ്പെടുത്തണം എന്നും അപേക്ഷിച്ചിരിക്കുന്നു. ആയത് പരിഹരിച്ചിട്ടുണ്ട്. |
| X | ശ്രീ.വിജയൻ.പി<br>ക്രമ നമ്പർ 117 | നിയമന ഉത്തരവും തീയതിയും ഉൾക്കൊള്ളിക്കണം എന്ന് അപേക്ഷിച്ചിരിക്കുന്നു. ആയത് പരിഹരിച്ചിട്ടുണ്ട്. |
| XI | ശ്രീ.കെ.കെ. രാജേന്ദ്രൻ<br>ക്രമ നമ്പർ 171 | പി.എസ്.സി അഡ്വൈസ് തീയതി മുതൽ സീനിയോറിറ്റി നൽകി സീനിയോറിറ്റി പുന: ക്രമീകരിക്കണം എന്ന് അപേക്ഷിച്ചിരിക്കുന്നു. കോട്ടയം ജില്ലാ പി.എസ്.സി. ഓഫീസറുടെ 17.08.2004 തീയതിയിലെ നിയമന ശുപാർശ പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 25.09.2004 തീയതിയിലെ ഇഎ4/13448/2004-ാം നമ്പർ നിയമന ഉത്തരവ് പ്രകാരം ശ്രീ.കെ.കെ.രാജേന്ദ്രൻ കയർ ഇൻസ്പെക്ടർ, വൈക്കം നോർത്ത് ഓഫീസിൽ പ്യൂൺ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. തുടർന്ന് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 08.05.2013 തീയതിയിലെ ഇഎ4/20781/2012-ാം നമ്പർ ഉത്തരവു പ്രകാരം അന്തർജില്ലാ സ്ഥലം മാറ്റം മുഖേന പൊന്നാനി കയർ പ്രോജക്ട് ഓഫീസിൽ 15.05.2013 തീയതിയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം ടിയാൻ അന്തർജില്ലാ സ്ഥലം മാറ്റം മുഖേന |

| | | |
|---|---|---|
| | | ജോലിയിൽ പ്രവേശിച്ച 15.05.2013 തീയതി മുതൽ മാത്രമേ സീനിയോറിറ്റിക്ക് അർഹതയുള്ളൂ. ആയതിനാൽ ശ്രീ.കെ.കെ.രാജേന്ദ്രന്റെ ആവശ്യം പരിഗണിക്കുവാൻ സാധ്യമല്ല. |
| XII | ശ്രീ.ദിലീപ് കുമാർ. എൽ<br>ക്രമ നമ്പർ - 60 | അഡ്വൈസ് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സീനിയോറിറ്റി പുന:ക്രമീകരിക്കണം എന്ന് അപേക്ഷിച്ചിരിക്കുന്നു. അനുബന്ധ രേഖകൾ പരിശോധിച്ചതിൽ നിന്നും ടിയാന്റെ ആവശ്യം പരിഹരിച്ചു നൽകിയിട്ടുണ്ട്. |
| XIII | ശ്രീമതി.ജ്യോതി. കെ. എൻ<br>ക്രമ നമ്പർ - 149 | സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 146, 147, 148 എന്നീ സ്ഥാനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർ തനിക്കു ശേഷമുള്ള തീയതിയിലാണ് ജോലിയിൽ പ്രവേശിച്ചിട്ടുള്ളതെന്നും ആയതിനാൽ പ്രസ്തുത അപാകത പരിഹരിച്ച് തനിക്ക് അർഹമായ സീനിയോറിറ്റി നൽകണമെന്നും ശ്രീമതി. ജ്യോതി.കെ.എൻ അപേക്ഷിച്ചിരിക്കുന്നു. ഇടുക്കി ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നും അന്തർജില്ലാ സ്ഥലം മാറ്റം മുഖേന കോട്ടയം ജില്ലാ വ്യവസായ കേന്ദ്രത്തിൽ ജോലിയിൽ പ്രവേശിച്ച 17.08.2011 തീയതി മുതൽ ശ്രീമതി. ജ്യോതി.കെ.എൻ -ന് സീനിയോറിറ്റി നൽകിയിട്ടുണ്ട്. ക്രമ നമ്പർ 146, 147, 148 എന്നീ സ്ഥാനങ്ങളിൽ ഉൾപ്പെടുത്തിയവർക്ക് പി.എസ്.സി അഡ്വൈസ് തീയതി മുതൽ സീനിയോറിറ്റി നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ശ്രീമതി.ജ്യോതി.കെ.എൻ -ന്റെ ആവശ്യം പരിഗണിക്കുവാൻ സാധ്യമല്ല. |

## <u>ഉത്തരവ്</u>

മുകളിൽ പ്രതിപാദിച്ചിരിക്കുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിൽ 30.06.2017 വരെ നിയമനം ലഭിച്ച ഓഫീസ് അറ്റൻഡന്റുമാരുടെ സംസ്ഥാനതല അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി ഉത്തരവ് ആകുന്നു.

ടി ഉത്തരവിന്റെ പകർപ്പ് നിയന്ത്രണാധികാരികൾ ബന്ധപ്പെട്ട ജീവനക്കാർക്ക് നൽകേണ്ടതും പ്രസ്തുത വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്:-

1. കയർ വികസന ഡയറക്ടർ, കയർ വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം.
2. ഡയറക്ടർ, കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
3. എല്ലാ ജനറൽ മാനേജർമാർക്കും.
4. കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, മഞ്ചേരി / ചങ്ങനാശ്ശേരി.
5. സൂക്ഷിപ്പ് ഫയൽ/ അധിക പകർപ്പ്

JMC8 DT. 22.02.2018